"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്.ലെ യു.പി.എസ്.ടി ആയ ശ്രീമതി രാജി എസ്. ന്റെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10260/2025/GEDN തീയതി,തിരുവനന്തപുരം, 15-12-2025

---

പരാമർശം:-

1. പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്. ലെ മാനേജർ സമർപ്പിച്ച 12/07/2025-ലെ റിവിഷൻ ഹർജി.
2. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/09/2025-ലെ B5/1124/2025/DEOTVM നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/09/2025-ലെ എഫ്1/16043/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്.ലെ യു.പി.എസ്.ടി ആയ ശ്രീമതി രാജി എസ്. ന്റെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 29/09/2025 തീയതിയിൽ വാദം കേട്ടു.

2 . <u>മാനേജരുടെയും ശ്രീമതി രാജി എസ്.ന്റെയും വാദം പൊതുവിൽ താഴെപ്പറയും പ്രകാരമായിരുന്നു.</u>

1. ലൂഥറൻ മാനേജ്മെന്റിന് കീഴിലുള്ള പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി. സ്കൂളിലെ യു.പി.എസ്.റ്റി ആയിരുന്ന ശ്രീമതി ഗിരിജ എസ്. വിരമിച്ച ഒഴിവിൽ ശ്രീമതി രാജി എസ്.നെ 01/06/2023 മുതൽ 31/03/2024 വരെ യു.പി.എസ്.റ്റി ആയി ദിവസവേതന വ്യവസ്ഥയിൽ നിയമിച്ചിരുന്നു.
2. ലൂഥറൻ സ്കൂൾസ് മാനേജ്മെന്റിലെ ചട്ടം 51 എ അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്.ന് 01/06/2023 മുതൽ പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി. സ്കൂളിൽ ലഭ്യമായ റഗുലർ ഒഴിവിൽ നിയമനത്തിന് അർഹതയുണ്ടായിരിക്കെയാണ് ടി നിയമനം നടത്തിയിരിക്കുന്നത് എന്ന കാരണത്താൽ നിയമനം തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകി.
3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിരസിക്കൽ ഉത്തരവിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ച് ടി റിവിഷൻ ഹർജി പരിശോധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉപാധിയോടെ നൽകിയ ഉത്തരവിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ കെ.ഇ.ആർ അധ്യായം 14 എ ചട്ടം 51 എ അവകാശികളുടെ പുനർനിയമനത്തിന്

ആയത് ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനും 20/08/2019-ലെ 23/08/2019-ലെ സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിനാൽ ശ്രീമതി രാജിയെ നിയമിക്കുന്ന സമയത്ത് ഈ മാനേജ്മെന്റിന് കീഴിൽ ഒരു 51 എ അവകാശി ഉണ്ടായിരുന്നുവെന്നും ടി അവകാശിക്ക് 09/10/2023 മുതൽ ആലപ്പുഴ സൗത്ത് ആര്യാട് എച്ച്.എസ്. ൽ നിയമനം നൽകിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി ബിന്ദു എസ്.എസ്. ന്റെ നിയമനം അംഗീകരിക്കപ്പെട്ടിട്ടുള്ളപക്ഷം ശ്രീമതി രാജിയുടെ നിയമനം 09/10/2023 മുതൽ 31/03/2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി അപ്പീൽ അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു.

4. 25/07/2024-ലെ നമ്പർ എഫ്1/721477/2024 തീയതി ഉത്തരവ് ലഭിച്ചതിനെ തുടർന്ന് വീണ്ടും രാജിയുടെ നിയമനം അംഗീകരിക്കുന്നതിനായി പ്രൊപ്പോസൽ തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുനഃസമർപ്പിച്ചിരുന്നു. എന്നാൽ ശ്രീമതി ബിന്ദു എസ്.എസ്.ന്റെ ആലപ്പുഴ സൗത്ത് ആര്യാട് എച്ച്.എസ്.ലെ പുനഃനിയമനം അംഗീകരിച്ചതായിട്ടുള്ള ഒരു ഉത്തരവും മാനേജർ ഹാജരാക്കിയിട്ടില്ല എന്ന ഒറ്റ കാരണത്താൽ വീണ്ടും നിരസിച്ചിരിക്കുകയാണ്.

5. ഖണ്ഡിക-3 ഉത്തരവിൽ ചട്ടം 51 എ അവകാശിയായ ശ്രീമതി ബിന്ദു എസ്. എസ്.ന്റെ 09/10/2023 മുതലുള്ള യു.പി.എസ്.ടി ആയിട്ടുള്ള റഗുലർ പ്രൊമോഷൻ ഒഴിവിലെ ശമ്പള സ്കെയിലിലെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളായ പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്.ലെ ശ്രീമതി രാജിയുടെ 01/06/2023 മുതൽ 31/03/2024 വരെയുള്ള യു.പി.എസ്.ടി ആയിട്ടുള്ള ദിവസവേതന നിയമനത്തിൽ 09/10/2023 മുതൽ 31/03/2024 വരെ മാത്രം അംഗീകാരം നൽകുവാൻ നിർദേശം നൽകിയിട്ടുള്ള ഉത്തരവ് നിയമത്തിന്റെയും ചട്ടത്തിന്റെയും പിൻബലമില്ലാതെ തികച്ചും ഏകാധിപധ്യ സ്വഭാവമുള്ള ദുർവ്യാഖ്യാനമാണ് എന്നത് വ്യക്തമാണ്. കാരണം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ പുതിയ നിയമനങ്ങൾ എല്ലാം ദിവസവേതന വ്യവസ്ഥയിൽ നടത്തുവാനാണ് പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിലെ 12/06/2018 ലെ സ.ഉ.(എം.എസ്) നം.83/2018/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക-3(iii) ൽ വ്യക്തമാക്കിയിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ദിവസവേതന വ്യവസ്ഥയിലെ നിയമനത്തിൽ 51 എ അവകാശിയെ ശമ്പള സ്കെയിലിൽ നിയമിച്ച തീയതി മുതൽ അംഗീകാരം നൽകുവാൻ നിർദേശിച്ചു കൊണ്ട് ശ്രീമതി ബിന്ദു എസ്.എസ്. ന്റെ നിയമനം അംഗീകരിക്കപ്പെട്ടിട്ടുള്ളപക്ഷം ശ്രീമതി രാജിയുടെ നിയമനം അംഗീകരിക്കുവാൻ ഉപാധിയോടെ നൽകിയിട്ടുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ എഫ്1/721477/2024 തീയതി 25/07/2024 ഉത്തരവ് പുനഃപരിശോധനക്ക് വിധേയമാക്കണമെന്ന് അപേക്ഷിക്കുന്നു.

6. മേല്പറഞ്ഞ നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 1 പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ 14 എ ചട്ടം 1 പ്രകാരം സിദ്ധിച്ചിട്ടുള്ള അവകാശം പ്രയോഗിച്ച് കൊണ്ട് മാനേജർ നിയമിച്ച ശ്രീമതി രാജി എസ്. ന്റെ യു.പി.എസ്.ടി ആയിട്ടുള്ള 01/06/2023 മുതൽ 31/03/2024 വരെയുള്ള ദിവസവേതന നിയമനം അംഗീകരിക്കാൻ തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

3. <u>പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.</u>

പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്. ലെ യു.പി.എസ്.റ്റി. ആയ ശ്രീമതി ഗിരിജ എസ്. വിരമിച്ച ഒഴിവിലാണ് ശ്രീമതി രാജി എസ്. നെ 01/06/2023 മുതൽ 31/03/2024 വരെ യു.പി.എസ്.റ്റി. ആയി മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയമാണ് എന്നതിനാൽ ടി വിദ്യാലയത്തിലെ ഒഴിവുകളിൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ മാനേജർക്ക് നിയമനം നടത്താൻ കഴിയുകയുള്ളൂ. ലൂഥറൻ സ്കൂൾ മാനേജ്മെന്റിലെ ചട്ടം 51എ അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്. പുനഃനിയമനം ലഭിക്കാത്തത് സംബന്ധിച്ചും, ടിയാൾക്ക് പുനഃനിയമനം ലഭിക്കാതെ യു.പി.എസ്.റ്റി. തസ്തികയിലെ മറ്റ് നിയമനങ്ങൾ അംഗീകരിക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ടും തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിവേദനം സമർപ്പിച്ചിരുന്നു. ചട്ടം 51എ അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്. ന് 01/06/2023 മുതൽ പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്. ൽ ലഭ്യമായ റഗുലർ ഒഴിവിൽ പുനഃനിയമനത്തിന് അർഹതയുണ്ടായിരിക്കെയാണ് ടി റഗുലർ ഒഴിവിൽ മാനേജർ ശ്രീമതി രാജി എസ്. നെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. ആയതിനാൽ ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകി. ഇതിനെതിരെ മാനേജർ ഈ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച അപ്പീൽ റിപ്പോർട്ട് പ്രകാരം ശ്രീമതി ഗിരിജ എസ്. 31/03/2020 ന് വിരമിച്ചിട്ടുള്ളതിനാൽ 01/06/2023 ന് യു.പി.എസ്.റ്റി. തസ്തികയിലെ ഒഴിവ് നിലവിലുണ്ട് എന്നും ചട്ടം 51എ അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്. ന് ആലപ്പുഴ സൗത്ത് ആര്യാട് ലൂഥറൻ എച്ച്.എസ്.എസ്. ൽ പുനഃനിയമനം ലഭിച്ചിട്ടുണ്ട് എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

18/05/2007 ലെ 4545/ജെ2/07/പൊ.വി.വ സർക്കുലറിൽ കെ.ഇ.ആർ. അധ്യായം 14എ ചട്ടം 43, 51A, 51B അവകാശികളെ 12/10/2006 ന് ശേഷം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ നിയമനത്തിന് പരിഗണിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിരുന്നു. 10/05/2012 ലെ 13402/ജെ2/പൊ.വി.വ. സർക്കുലർ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ കെ.ഇ.ആർ. അധ്യായം 14എ ചട്ടം 51A അവകാശികളുടെ പുനർനിയമനത്തിനും ആയത് ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനും 20/08/2019 ലെ ജെ3/80/2019/പൊ.വി.വ സർക്കുലറിൽ സർക്കാർ നിർദ്ദേശം നൽകി. മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂളും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളും ഉള്ള കോർപ്പറേറ്റ്/വ്യക്തിഗത മാനേജ്മെന്റുകൾ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം പുനർനിയമനം ലഭിച്ച 51A അവകാശിയായ പ്രസ്തുത മാനേജ്മെന്റിലെ മതിയായ എണ്ണം കുട്ടികൾ ലഭ്യമായ ഏതെങ്കിലും സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ മാറ്റി നിയമിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇവിടെ ശ്രീമതി രാജിയെ നിയമിക്കുന്ന സമയത്ത് ആ ഒഴിവിലേയ്ക്ക് 20/08/2019 ലെ സർക്കാർ നിർദ്ദേശ പ്രകാരം പുനർനിയമനം നൽകുവാൻ ഒരു ചട്ടം 51A അവകാശി ഉണ്ടായിരുന്നു. ടി അവകാശിയെ മാനേജർ 09/10/2023 മുതൽ ആലപ്പുഴ സൗത്ത് ആര്യാട് എച്ച്.എസിൽ നിയമനം നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിയമനം അംഗീകരിയ്ക്കപ്പെട്ടിട്ടുള്ള

പക്ഷം ശ്രീമതി രാജിയുടെ നിയമനം 09/10/2023 മുതൽ 31/03/2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് പരിഗണിക്കുവാൻ തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ലൂഥറൻ സ്കൂൾ മാനേജ്മെന്റിലെ ചട്ടം 51എ അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്. പുനഃനിയമനം ലഭിക്കാത്തത് സംബന്ധിച്ചും, ടിയാൾക്ക് പുനഃനിയമനം ലഭിക്കാതെ യു.പി.എസ്.റ്റി. തസ്തികയിലെ മറ്റ് നിയമനങ്ങൾ അംഗീകരിക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ടും തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിവേദനം സമർപ്പിച്ചതിനാലും ആണ് മേൽ നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയത്.

മാനേജരുടെ ഹർജിയിൽ പരാമർശിക്കുന്നത് പ്രകാരം 09/10/2023 മുതൽ 31/03/2024 വരെയുള്ള നിയമനം അംഗീകരിക്കുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിയമന പ്രൊപ്പോസൽ പുനഃസമർപ്പിച്ചിട്ടില്ല. 2024-25 അദ്ധ്യയന വർഷത്തിൽ ശ്രീമതി രാജി എസ്. നെ യു.പി.എസ്.റ്റി. ആയി ദിവസവേതന അടിസ്ഥാനത്തിൽ 03/06/2024 മുതൽ 31/03/2025 വരെ നിയമിച്ചുകൊണ്ട് പ്രൊപ്പോസൽ സമർപ്പിക്കുകയാണുണ്ടായത്. ശ്രീമതി ബിന്ദു എസ്.എസ്. ന്റെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ 2024-25 വർഷത്തെ നിയമനവും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകിയിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്. ലെ യു.പി.എസ്.റ്റി. ആയ ശ്രീമതി ഗിരിജ എസ്. വിരമിച്ച ഒഴിവിലാണ് ശ്രീമതി രാജി എസ്. നെ 01/06/2023 മുതൽ 31/03/2024 വരെ യു.പി.എസ്.റ്റി. ആയി മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയമാണ് എന്നതിനാൽ ടി വിദ്യാലയത്തിലെ ഒഴിവുകളിൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ മാനേജർക്ക് നിയമനം നടത്താൻ കഴിയുകയുള്ളു.

5. 10/05/2012 ലെ 13402/ജെ2/പൊ.വി.വ. സർക്കുലർ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ കെ.ഇ.ആർ. അധ്യായം 14എ ചട്ടം 51A അവകാശികളുടെ പുനർനിയമനത്തിനും ആയത് ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനും 20/08/2019 ലെ ജെ3/80/2019/പൊ.വി.വ സർക്കുലറിൽ സർക്കാർ നിർദ്ദേശം നൽകി. മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂളും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളും ഉള്ള കോർപ്പറേറ്റ്/വ്യക്തിഗത മാനേജ്മെന്റുകൾ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം പുനർനിയമനം ലഭിച്ച 51A അവകാശിയായ പ്രസ്തുത മാനേജ്മെന്റിലെ മതിയായ എണ്ണം കുട്ടികൾ ലഭ്യമായ ഏതെങ്കിലും സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ മാറ്റി നിയമിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇവിടെ ശ്രീമതി രാജിയെ നിയമിക്കുന്ന സമയത്ത് ആ ഒഴിവിലേയ്ക്ക് 20/08/2019 ലെ സർക്കാർ നിർദ്ദേശ പ്രകാരം പുനർനിയമനം നൽകുവാൻ ചട്ടം 51A അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്. ഉണ്ടായിരുന്നു. ഇക്കാരണത്താലാണ് ശ്രീമതി രാജി എസ്. ന്റെ നിയമനം നിരസിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ 51എ അവകാശിയായ ശ്രീമതി

ബിന്ദു എസ്.എസ്. ന് ആലപ്പുഴ സൗത്ത് ആര്യാട് ലൂഥറൻ എച്ച്.എസ്.എസ്. ൽ പുനഃനിയമനം ലഭിച്ചിട്ടുണ്ട്.

6. ശ്രീമതി ബിന്ദു എസ്സ്.എസ്സ്. തനിക്ക് സ്ഥിരം നിയമനം ലഭിച്ചതിനാൽ ദിവസവേതന വ്യവസ്ഥയിൽ നിയമനം അംഗീകരിക്കുന്നതിന് പരാതി ഇല്ല എന്ന് രേഖാമൂലം തിരുവനന്തപുരം നോർത്ത് എ.ഇ.ഒ. യെ അറിയിച്ചിട്ടുള്ളതായി ഹെഡ്മാസ്റ്റർ ഹിയറിംഗ് വേളയിൽ ഹാജരാക്കിയ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ശ്രീമതി ബിന്ദു എസ്സ്.എസ്സ്. ന്റെ നിയമനം അംഗീകരിക്കപ്പെടാത്തത് കൊണ്ടാണ് ശ്രീമതി രാജി എസ്.ന്റെ 09/10/2023 മുതൽ 31/03/2024 വരെയുള്ള നിയമനവും അംഗീകരിക്കപ്പെടാത്തത്. ശ്രീമതി ബിന്ദു എസ്.ന്റെ നിയമനം അംഗീകരിക്കാൻ എന്താണ് തടസ്സം എന്ന് വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിൽ വ്യക്തമല്ല.

7. മേൽ സാഹചര്യത്തിൽ ശ്രീമതി ബിന്ദു എസ്സ്.എസ്സ്. ന്റെ 09/10/2023 മുതലുള്ള ആലപ്പുഴ സൗത്ത് ആര്യാട് ലൂഥറൻ എച്ച്.എസ്.എസ്. ലെ നിയമനം അംഗീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരിക്ക് നിർദ്ദേശം നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ടി നിയമനം അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് ശ്രീമതി രാജി എസ്.ന്റെ 09/10/2023 മുതൽ 31/03/2024 വരെയുള്ള നിയമനം, മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയതിനാൽ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. മേൽ പ്രകാരം പേരൂർക്കട കൺകോർഡിയ ലൂഥറൻ യു.പി.എസ്.ലെ യു.പി.എസ്.ടി ആയ ശ്രീമതി രാജി എസ്. ന്റെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, കൺകോർഡിയ ലൂഥറൻ യു.പി.എസ്., പേരൂർക്കട, തിരുവനന്തപുരം.
പ്രധാനാദ്ധ്യാപകൻ, കൺകോർഡിയ ലൂഥറൻ യു.പി.എസ്., പേരൂർക്കട, തിരുവനന്തപുരം.
ശ്രീമതി രാജി എസ്., യു.പി.എസ്.റ്റി., കൺകോർഡിയ ലൂഥറൻ യു.പി.എസ്., പേരൂർക്കട, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം നോർത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/143/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 16-12-2025 10:14:57

സെക്ഷൻ ഓഫീസർ